**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3154 — 24.02.2016-ൽ മറുപടിയ്ക്ക്

**കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ജെയിംസ് മാത്യു | ശ്രീ.ഉമ്മൻ ചാണ്ടി<br>ബഹു.മുഖ്യമന്ത്രി |

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റിലും കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷം പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അത് ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(എ) 2010 ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിലെയും ആക്ട് പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിയിലെയും വ്യവസ്ഥകൾ പ്രകാരമാണ് ഈ ക്ഷേമനിധി ബോർഡ് പ്രവർത്തിച്ച വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമുള്ള ബഡ്ജറ്റ് പ്രസംഗങ്ങളിൽ ഈ ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്നതിനായുള്ള പ്രത്യേക പ്രഖ്യാപനങ്ങളൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

(ബി) കഴിഞ്ഞ അഞ്ചു ബഡ്ജറ്റുകളിലായി പ്രസ്തുത ബോർഡിനായി വകയിരുത്തപ്പെട്ട പദ്ധതി തുകയും, അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുക എത്ര;

(ബി) സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് വ്യവസ്ഥകൾ പ്രകാരം ഓരോ വർഷവും ക്ഷേമനിധിയിൽ അംശാദായമായി ലഭിക്കുന്ന തുകയുടെ 2% ത്തിന് തുല്യമായ തുകയാണ് സർക്കാർ ഗ്രാന്റായി നൽകേണ്ടത്. നാളിതുവരെ പദ്ധതിയിനത്തിൽ തുക ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ നോൺ പ്ലാൻ ഇനത്തിൽ താഴെ പറയും പ്രകാരം സർക്കാരിൽ നിന്നും തുക അനുവദിച്ചു നൽകിയിട്ടുണ്ട്. (ഡിമാന്റ് നമ്പർ 17-2205-00-102-31 (നോൺ പ്ലാൻ)

| | |
|---|---|
| 2011-12 | 90,00,000/- രൂപ(തൊണ്ണൂറു ലക്ഷം രൂപ) (സാംസ്കാരിക ബമ്പർ ലോട്ടറിയിലൂടെ പിരിഞ്ഞുകിട്ടിയ തുകയുടെ അറ്റാദായത്തിൽ നിന്നുള്ള വിഹിതം -ക്ഷേമനിധി കെട്ടിപ്പടുക്കുന്നതിനായി നൽകിയ സഹായം |
| 2011-12 | 10 ലക്ഷം രൂപ (സാംസ്കാരിക ബമ്പർ ലോട്ടറിയിലൂടെ പിരിഞ്ഞു കിട്ടിയ തുകയുടെ അറ്റാദായത്തിൽ നിന്നുള്ള |

| | | |
|---|---|---|
| | | വിഹിതം-ബോർഡിന്റെ പ്രാരംഭ ചെലവുകൾക്കു നൽകിയ സഹായം) |
| | 2012-13 | 51,40,000/- (അമ്പത്തിയൊന്ന് ലക്ഷത്തി നാല്പതിനായിരം രൂപ) (സാംസ്കാരിക ബമ്പർ ലോട്ടറിയിലൂടെ പിരിഞ്ഞുകിട്ടിയ തുകയുടെ അറ്റാദായത്തിൽ നിന്നുള്ള വിഹിതം -ക്ഷേമനിധി കെട്ടിപ്പടുക്കുന്നതിനായി നൽകിയ സഹായം |
| | 2014-15 | 6 ലക്ഷം രൂപ (എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ കണ്ടെത്തുന്നതിനായി നൽകിയത്) |
| | 2014-15 | 2,00,00,000/- (രണ്ടുകോടി രൂപ) (സെസ്സ് വരുമാനം ലഭിക്കുമ്പോൾ തിരികെ അടയ്ക്കണമെന്ന വ്യവസ്ഥയിൽ സർക്കാർ അനുവദിച്ചത്) |
| | 2015-16 | 25 ലക്ഷം രൂപ (ഭരണപരമായ ചെലവുകൾക്കുള്ള ബഡ്ജറ്റ് വിഹിതം) |
| | ആകെ | 3,82,40,000/- രൂപ (മൂന്നു കോടി എൻപത്തി രണ്ടു ലക്ഷത്തി നാല്പതിനായിരം രൂപ) |
| | | ബോർഡിന് നൽകുന്ന തുക സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം മുഖാന്തിരം ട്രഷറിയിൽ നിന്നും പിൻവലിച്ച് സർക്കാർ അനുമതിയോടെ എസ്.ബി.റ്റിയിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ നിക്ഷേപിച്ച ശേഷമാണ് ഇടപാടുകൾ നടത്തി വരുന്നത്. ഇതുമായി ബന്ധപ്പെട്ട സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ ഇനി 1000 രൂപയാണ് നീക്കിയിരിപ്പുള്ളത്. 2013 ജനുവരി മാസം മുതൽ ക്ഷേമനിധി പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നതിനാൽ സർക്കാർ ക്ഷേമനിധിയ്ക്കായി അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ചു കഴിഞ്ഞു. |
| (സി) ഓരോ വർഷവും റി-അപ്രോപ്രിയേഷൻ (സി) വഴി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ? | | റീ-അപ്രോപ്രിയേഷൻ വഴി തുക വകമാറ്റി ചെലവഴിച്ചിട്ടില്ല. എന്നാൽ ബോർഡിന്റെ ഭരണപരമായ ദൈനംദിന ആവശ്യങ്ങൾക്കായി ക്ഷേമനിധി കെട്ടിപ്പടുക്കുന്നതിനായി സർക്കാർ അനുവദിച്ചു നൽകിയ മേൽ പരാമർശിക്കപ്പെട്ട തുകയിൽ നിന്നും 20 ലക്ഷം രൂപ ബോർഡ് തീരുമാനപ്രകാരം ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ